**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 667** **23-02-2022 - ൽ മറുപടിയ്ക്ക്**

**സൗര തേജസ്സ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | അനെർട്ട് മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സൗര തേജസ്സ് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | സംസ്ഥാനത്ത് സൗരോർജ്ജ നിലയ പദ്ധതി വ്യാപകമാക്കുന്നതിന് വേണ്ടി അനെർട്ട് നടപ്പിലാക്കുന്ന പദ്ധതിയാണ് സൗര തേജസ്സ്. ഈ പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന പരിപാടികളാണ് നടപ്പിലാക്കുന്നത്. 1. കേന്ദ്ര നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ) കെ.എസ്.ഇ.ബി. എൽ മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് അനെർട്ട് മുഖേന സ്ഥാപിക്കുന്ന പ്രവർത്തനം. 2. റിന്യൂവബിൾ എനർജി സേവന ദാതാക്കൾ മുഖേന സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ (RESCO) മോഡൽ സംസ്ഥാനത്ത് വ്യാപിപ്പിക്കുക. 3. ഉപഭോക്താക്കൾക്ക് വിവിധ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ 'ബൈ മൈ സൺ' എന്ന ഓൺലൈൻ പോർട്ടൽ മുഖേന ലഭ്യമാക്കുക. 4. ഗ്രിഡ് ബന്ധിത ഹൈബ്രിഡ് സൗരോർജ്ജ പ്ലാന്റുകളുടെ സ്ഥാപനം 5. സോളാർ പ്ലാന്റുകളുടെ സ്ഥാപനത്തിനും, പരിപാലനത്തിനുമുള്ള തൊഴിൽ പരിശീലനം. |

സെക്ഷൻ ഓഫീസർ